ജലീൽ പടന്ന

# മാധ്യമ സിൻഡിക്കേറ്റ്: തെറ്റും ശരിയും

സി.പി.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ആവർത്തിച്ചുരുവിടുന്ന 'മാധ്യമ സിൻഡിക്കേറ്റ്' ഇപ്പോഴിതാ വെളിയം സഖാവും ഏറ്റെടുത്തിരിക്കുന്നു! ആരോപണത്തിലെ ശരിയും തെറ്റും വിശകലനം ചെയ്യപ്പെടേണ്ടതു തന്നെയാണ്. ഒരു കാര്യം വ്യക്തം: പത്രവ്യവസായത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യത്തകർച്ചയിൽ ഖിന്നരായല്ല സഖാക്കൾ ഈ ആരോപണം ഉന്നയിക്കുന്നത്. തങ്ങളുടെ സങ്കുചിത പാർട്ടി താൽപര്യങ്ങൾ മാത്രം പരിഗണിച്ചാണ്. തങ്ങൾക്ക് ഹിതകരമല്ലാത്ത വാർത്തകൾ വന്നുകൊണ്ടിരിക്കുമ്പോഴാണ് ഇവർ പ്രകോപിതരാകുന്നത്. ആശയതലത്തിലും പ്രായോഗിക തലത്തിലും ഇടതു പാർട്ടികൾക്ക്, പ്രത്യേകിച്ച് സി.പി.എമ്മിന് ഉണ്ടായ വ്യതിയാനങ്ങൾ ചൂണ്ടിക്കാണിക്കാൻ തുടങ്ങിയതോടെയാണ് കേരളത്തിലെ മാധ്യമങ്ങൾ പാർട്ടിയുടെ ശത്രുപക്ഷത്തെത്തിയത്. സി.പി.എമ്മിന്റെ മലപ്പുറം സമ്മേളനത്തോടു കൂടി ഇത് സ്ഫോടനാത്മകമായ അവസ്ഥ പ്രാപിച്ചു. അടച്ചിട്ട മുറിയിൽ നടന്ന പാർട്ടിയുടെ (അതോ ഗ്രൂപ്പിന്റെയോ) അതീവ രഹസ്യ സ്വഭാവത്തിലുള്ള യോഗതീരുമാനങ്ങൾ പോലും നിമിഷനേരംകൊണ്ട് പത്ര ഓഫീസുകളിലെ ഡെസ്കുകളിലെത്തി. ടി.വി ചാനലുകാർക്ക് എക്സ്ക്ലൂസീവ് സ്റ്റോറികളായി. പാർട്ടി അംഗങ്ങളിൽ പെട്ടവരും ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്നവരുമാണ് വാർത്തകൾ ചോർത്തിക്കൊടുക്കുന്നത് എന്ന് പാർട്ടി 'കണ്ടുപിടിച്ചു.' ഇതിന്റെ പേരിൽ പലരും പാർട്ടിക്ക് പുറത്തായി. അവരിൽ പലരും ഇപ്പോഴും തങ്ങളുടെ പണി തുടരുന്നുണ്ടെന്നും പിണറായി പറഞ്ഞുവെച്ചിരിക്കുന്നു.

കുറച്ച് കാലമായി ജനവിരുദ്ധ പക്ഷത്ത് നിലയുറപ്പിച്ചുകൊണ്ടിരിക്കുന്ന സി.പി.എമ്മിനെ വിശകലനം ചെയ്യാൻ മാധ്യമങ്ങൾക്ക് യാതൊരുവിധ വാർത്താദാരിദ്ര്യവും അനുഭവപ്പെടുന്നില്ല എന്നതാണ് വസ്തുത. ഈ വിഷയത്തിലെങ്കിലും മാധ്യമങ്ങളെ കുറ്റപ്പെടുത്താൻ കേരളത്തിലെ പൊതുസമൂഹവും തയാറാവില്ല. ഇടതുപക്ഷ കാഴ്ചപ്പാടുകൾ വെച്ചു പുലർത്തുന്ന ചില സാംസ്കാരിക പ്രവർത്തകർ ഇത് പാർട്ടിയുടെ ശ്രദ്ധയിൽ പെടുത്താൻ ശ്രമിച്ചെങ്കിലും മുഖവിലക്കെടുക്കാൻ നേതൃത്വം തയാറായിട്ടില്ല. പകരം മാധ്യമങ്ങളെ കടന്നാക്രമിക്കാനാണ് തുനിയുന്നത്. ഇതിന്റെ ഭാഗമാണ് മാധ്യമ സിൻഡിക്കേറ്റ് ആരോപണവും.

യഥാർഥത്തിൽ മാധ്യമ സിൻഡിക്കേറ്റ് എന്ന ഒന്ന് ഉണ്ടോ? ഉണ്ടെന്ന് വിശ്വസിക്കുന്നു പലരും പക്ഷേ അത് പിണറായി സഖാവ് പറയുന്നതതുപോലെ സി.പി.എമ്മിനെതിരെ രൂപപ്പെട്ട ഒരു പ്രതിഭാസമായല്ല കാണുന്നത്. ആഗോളതലത്തിൽ വാർത്താ മാധ്യമങ്ങൾക്ക് ഏറ്റിരിക്കുന്ന പുഴുക്കുത്തുകളിലേക്കാണ് ആ പ്രയോഗവും വിരൽചൂണ്ടുന്നത്.

പത്രങ്ങൾക്ക് സാമൂഹിക ചുമതലകൾ നിർവഹിക്കാനുണ്ടെന്ന വിശ്വാസത്തെ കടപുഴക്കിയെറിഞ്ഞ് ഒരു പുത്തൻ മാധ്യമ സംസ്കാരം ഇവിടെ വളർന്നുകഴിഞ്ഞിരിക്കുന്നു എന്ന യാഥാർഥ്യം നാം തിരിച്ചറിയണം. പത്രധർമം നമ്മുടെ ധാർമികതയുടെ ഭാഗമാണ്. ആദർശങ്ങളും സദാചാര- ധാർമിക മൂല്യങ്ങളും അട്ടിമറിക്കപ്പെടുകയും അഴിമതിയും സ്വജനപക്ഷപാതവും ഭരണകൂട ഭീകരതയും കൊടികുത്തിവാഴുകയും ചെയ്യുന്ന ഒരു സാമൂഹിക പശ്ചാത്തലം സംജാതമായാൽ പത്രങ്ങളുടെ ഉത്തരവാദിത്വം ഏറെ വർധിക്കുന്നു. എന്നാൽ ഈ ജീർണതകളോടൊക്കെയും രാജിയാവാൻ സന്നദ്ധനാവുന്ന പത്രമുതലാളിയെയും പത്രാധിപരെയും കൊണ്ട് സമൂഹത്തിന് ഒരു ഗുണവും ഉണ്ടാവില്ലെന്ന് മാത്രമല്ല, കടുത്ത ദ്രോഹമായിരിക്കും ഇവരെക്കൊണ്ട്. കാരണം ഈ അധർമങ്ങൾക്കൊക്കെയും മാന്യത ചാർത്തി നൽകുകയാണ് ഇവർ ചെയ്യുക. അടിയന്തരാവസ്ഥക്കു ശേഷമാണ് ഇന്ത്യയിൽ പ്രകടമായും ഇങ്ങനെയൊരു വ്യതിയാനം മാധ്യമങ്ങളിൽ കണ്ടുതുടങ്ങിയത്. ഇന്ദിരാഗാന്ധിക്ക് വേണ്ടി 'കമിറ്റഡ് ജേർണലിസ്റ്റ്' എന്ന ഒരു വർഗത്തെ തന്നെ അന്ന് വളർത്തിയെടുക്കുകയുണ്ടായി.

വാർത്തകളുടെ തമസ്കരണം ഇന്ന് ചർച്ചയേ അല്ലാതായിരിക്കുന്നു. അടിസ്ഥാന വർഗത്തിന്റെ ആവശ്യങ്ങളുമായി ബന്ധപ്പെടുന്ന വാർത്തകളാണ് തമസ്കരിക്കപ്പെടുന്നത്. മാർച്ച് 10-ാം തീയതി കാസർകോട്ടു നിന്നും രണ്ട് ജാഥകൾ പുറപ്പെടുകയുണ്ടായി, തിരുവനന്തപുരത്തേക്ക്. രണ്ടും ഉദ്ഘാടനം ചെയ്യപ്പെട്ടത് രാവിലെ 10 മണിക്ക്. ഒന്ന് പ്ലാച്ചിമട സമരസമിതിയുടെ നേതൃത്വത്തിലുള്ള 'ജലാധികാരയാത്ര.' മറ്റേത് കെ.എം മാണിയുടെ പുത്രൻ ജോസ് കെ. മാണി നയിക്കുന്ന കേരള യാത്ര. രണ്ടാമത് പറഞ്ഞ യാത്രയുടെ ഉദ്ഘാടന വിശേഷങ്ങൾ ശേഖരിക്കാനാണ് ജില്ലയിലെ പത്രപ്രവർത്തകരും ടെലിവിഷൻ ചാനലുകളും തിക്കും തിരക്കും കൂട്ടിയത്. ജീവജലം പോലും ഊറ്റിയെടുത്ത് ചൂഷണം ചെയ്യുന്നവർക്കെതിരെ അതിജീവനത്തിനുവേണ്ടി ആദിവാസികൾ നടത്തുന്ന ഐതിഹാസികമായ ഒരു സമരമായി രേഖപ്പെടുത്തേണ്ടിയിരുന്ന ജലാധികാരയാത്രയെ എത്ര ക്രൂരമായാണ് മാധ്യമങ്ങൾ അവഗണിച്ചത്! പിറ്റേദിവസം ഇറങ്ങിയ മുഖ്യധാരാ പത്രങ്ങളുടെ മുൻപേജിൽ മാണി പുത്രന്റെ യാത്രയുടെ വർണ ചിത്രങ്ങളോടെയുള്ള വാർത്ത പ്രാധാന്യപൂർവം അച്ചടിച്ച് വന്നപ്പോൾ ആദിവാസി ജാഥയുടെ വാർത്ത ഉൾപേജിൽ തെരഞ്ഞ് കണ്ടെത്താൻ തന്നെ പ്രയാസപ്പെട്ടു. പത്രങ്ങൾ ആരുടെ പക്ഷത്ത് നിലയുറപ്പിക്കുന്നുവെന്ന് ബോധ്യപ്പെടാൻ ഇത് ധാരാളം മതി. എന്നാൽ പ്ലാച്ചിമട സമരത്തെക്കുറിച്ച് പഠിക്കാനും റിപ്പോർട്ട് ചെയ്യാനും വിദേശ പത്രപ്രതിനിധികൾ പോലും സമരപന്തലിൽ എത്തുകയുണ്ടായി.

ഇവിടെ കോർപറേറ്റ് കമ്പനികൾക്കും വ്യവസായ ലോബികൾക്കും വേണ്ടി വാർത്തകൾ പടച്ചുണ്ടാക്കുന്ന പണിയാണ് പല മുഖ്യധാരാ മാധ്യമങ്ങളും ചെയ്തുവരുന്നത് എന്ന് വിമർശനമുണ്ട്. *ടൈംസ് ഓഫ് ഇന്ത്യ* ഒന്നാം പേജിലും മൂന്നാം പേജിലും പ്രസിദ്ധീകരിക്കുന്ന പല വാർത്തകളും യഥാർഥത്തിൽ വാർത്തകളല്ല, പരസ്യങ്ങളാണെന്ന് സെവന്തി നൈനാൻ ഈയിടെ നിരീക്ഷിക്കുകയുണ്ടായി. 'വാർത്ത' സ്ഥാപനത്തെക്കുറിച്ചാണെങ്കിൽ ആ സ്ഥാപനത്തിൽനിന്ന് ലക്ഷങ്ങൾ പത്രമുതലാളി നേരത്തേ തന്നെ വാങ്ങിയിട്ടുണ്ടാവും. ഇത് ലാഘവത്തോടെ കാണേണ്ട ഒരു വെളിപ്പെടുത്തലല്ല. രാജ്യത്തെ ഏറ്റവും മികച്ച പത്ത് ഹോട്ടലുകൾ, മികച്ച പത്ത് ആശുപത്രികൾ എന്നിവ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കാൻ സ്ഥാപനങ്ങളിൽനിന്ന് പത്രമുതലാളി വാങ്ങുന്നത് കോടികളാണത്രെ! ജനാധിപത്യ വ്യവസ്ഥയുടെ നാലാം തൂണായ മാധ്യമങ്ങൾ ധർമപക്ഷത്ത് നിലയുറപ്പിക്കാൻ വിമുഖത കാട്ടിയാൽ

പിന്നെ സംഭവിക്കുന്നത് അധർമങ്ങളുടെ തേരോട്ടമായിരിക്കും. ഇവിടെ സത്യവും അസത്യവും ധർമവും അധർമവും നീതിയും അനീതിയും തെറ്റും ശരിയും തിരിച്ചറിയാൻ കഴിയാത്ത വിധം കെട്ടുപിണഞ്ഞിരിക്കും. എത്ര വലിയ അസത്യങ്ങളെയും വ്യാഖ്യാനിച്ച് സത്യങ്ങളാക്കി ചിത്രീകരിക്കാൻ മീഡിയക്ക് കഴിഞ്ഞെന്നുവരും.

ഇന്ന് കോർപറേറ്റ് സ്ഥാപനങ്ങളാണ് പത്രങ്ങളിൽ മുതലിറക്കുന്നത്. അമേരിക്കയിലെ ഏതാണ്ട് മിക്ക പ്രക്ഷേപണ-അച്ചടി മാധ്യമങ്ങളും കൈയടക്കി വെച്ചിരിക്കുന്നത് ഇരുപതോളം വരുന്ന വൻകിട കുത്തക കമ്പനികളാണെന്ന് പ്രമുഖ മാധ്യമ പ്രവർത്തകനായ ബെൻബാഗ്ഡികിയാൻ തന്റെ 'ദ മീഡിയാ മൊണോപ്പൊളി' എന്ന പുസ്തകത്തിൽ ചൂണ്ടിക്കാട്ടുന്നു. മാധ്യമങ്ങൾ ജനങ്ങളുടെ ആയുധമല്ലാതായി മാറുകയാണിവിടെ. മാധ്യമ മുതലാളിയുടെ താൽപര്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്നവരാണ് ലേഖകരിലധികവും. വേറിട്ട് നിൽക്കുന്നവർക്ക് മറ്റു തൊഴിലന്വേഷിക്കേണ്ടിവരുന്നു. ഇങ്ങനെയാണ് വിളയോടി വേണുഗോപാലിന്റെ ജാഥ തഴയപ്പെടുന്നതും ജോസ് കെ. മാണി ബൂസ്റ്റ് ചെയ്യപ്പെടുന്നതും. ജനങ്ങളുടെ ജീവൽ പ്രശ്നങ്ങളുമായി പതിനായിരങ്ങൾ നടത്തുന്ന പ്രതിഷേധ സമരങ്ങളേക്കാൾ വാർത്താ പ്രാധാന്യം അഭിഷേക് ബച്ചന്റെയും ഐശ്വര്യാ റായിയുടെയും മോതിരം കൈമാറൽ ചടങ്ങിന് ലഭിക്കുന്നതും ഇതുകൊണ്ട് തന്നെയാണ്. രാഷ്ട്രീയ തമ്പുരാക്കന്മാരെയെന്ന പോലെ മീഡിയാ വൻതോക്കുകളെയും ഭരിക്കുന്നത് പഴയ കാലത്തെ സാമ്രാട്ടുകളുടെ ചോദനകളാണ് എന്ന് പറഞ്ഞത് ബി.ആർ.പി ഭാസ്കറാണ്.

പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി ശബ്ദമുയർത്താനും അവർ നേരിടുന്ന പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരാനും മാധ്യമങ്ങൾ തയാറാവാത്തിടത്തോളം കാലം ജനാധിപത്യ വ്യവസ്ഥിതിയിൽ ഇവയെ കൊണ്ട് പ്രത്യേകിച്ച് വല്ല നേട്ടവും ഉണ്ടാവും എന്ന് വിശ്വസിക്കുന്നതിൽ അർഥമില്ല. നാലാം തൂണിന് സംഭവിക്കുന്ന ഈ ബലക്ഷയം അത്ര നിസ്സാരമല്ല.

ഉജ്വലമായ നിരവധി തൊഴിലാളി-കർഷക സമരങ്ങൾക്കും ചെറുത്തുനിൽപുകൾക്കും നേതൃത്വം നൽകിയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെക്കുറിച്ച് കേരളത്തിലെ ജനങ്ങൾക്ക് അറിവുണ്ട്. ജന്മിമാരിൽനിന്നും ഭൂമി പിടിച്ചെടുത്ത് കിടപ്പാടമില്ലാത്ത പാവപ്പെട്ട കർഷകർക്ക് പതിച്ചു നൽകിയ ആ പാർട്ടി ഇന്ന് എവിടെ എത്തി നിൽക്കുന്നുവെന്ന് തിരിച്ചറിയാൻ മാധ്യമ സിൻഡിക്കേറ്റിന്റെ ആവശ്യമില്ല. വർഗവഞ്ചകരുടെ കൂട്ടത്തിൽ തന്നെയായിരിക്കും ചരിത്രത്തിൽ സി.പി.എമ്മിന്റെയും സ്ഥാനം എന്ന് തെല്ലൊരു ഞെട്ടലോടു കൂടിയാണെങ്കിലും ജനം വിശ്വസിച്ചുതുടങ്ങിയിരിക്കുന്നു. ഏതിനെയൊക്കെ എതിർത്തിരുന്നോ അതിനെയൊക്കെ വാരിപ്പുണരാൻ കാണിക്കുന്ന ഈ വ്യഗ്രതക്ക് കനത്തവിലനൽകേണ്ടിവരും എന്നത് തീർച്ചയാണ്. പ്രതിപക്ഷത്തിരിക്കുമ്പോൾ ആഗോളവത്കരണ-മുതലാളിത്ത ചൂഷണങ്ങൾക്കെതിരെ വാചാലരാവുകയും അധികാരത്തിലെത്തിയപ്പോൾ പുരോഗമന നാട്യത്തോടെ കൂടുതൽ ഉത്സാഹപൂർവം ആഗോളവൽക്കരണത്തിന് ചൂട്ട് പിടിക്കുകയും ചെയ്യുന്ന ഇരട്ടത്താപ്പ് പുറത്തുകൊണ്ടുവരുമ്പോൾ, മാധ്യമങ്ങൾക്ക് നേരെ പാഞ്ഞുകയറിയിട്ട് കാര്യമില്ല. എ.ഡി.ബിക്കെതിരെ സംസ്ഥാനത്ത് ഇത്ര ശക്തമായ പ്രതികരണം ഉയർന്നുവന്നിട്ടും അത് അവഗണിക്കാൻ പാർട്ടിയെ പ്രേരിപ്പിച്ച ഘടകമെന്താണ്? ഇതിന് മറുപടി പറയാൻ പാർട്ടിക്ക് ബാധ്യതയുണ്ട്. ഒരു കാര്യം തീർച്ച, ഇടതുപക്ഷത്തിന്റെ ഈ നിലപാടുമാറ്റവും അതുമൂലം പാർട്ടിക്ക് സംഭവിച്ചേക്കാവുന്ന തകർച്ചയും കേരളീയ പൊതുസമൂഹം ഏറെ ആശങ്കകളോടെയാണ് നോക്കിക്കാണുന്നത്. ഈ ആശങ്ക തന്നെയാണ് അവരുടെ പ്രതികരണങ്ങളെ തീവ്രമാക്കുന്നത്. ഇതിനെ മാധ്യമ സിൻഡിക്കേറ്റെന്ന് മുദ്രനൽകി ചെറുക്കുന്നത് ബുദ്ധിപരമല്ല. ■